(ഡി) തിരുവനന്തപുരം ബൈപ്പാസിന്റെ കഴക്കൂട്ടം - മുക്കോല ഭാഗത്തെ ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് അവാർഡ് ചെയ്തു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

ബൈപ്പാസ് നിർമ്മാണം

279 (1313) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ ബജറ്റിൽ പ്രഖ്യാപിച്ച കോഴിക്കോട്, തലശ്ശേരി-മാഹി, സുൽത്താൻ ബത്തേരി, ചെങ്ങന്നൂർ, കോഴഞ്ചേരി ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുവരെ ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14-ലെ ബജറ്റിൽ പ്രഖ്യാപിച്ച കോഴിക്കോട് എൻ. എച്ച്. ബൈപ്പാസിന്റെ അവസാന റീച്ചായ 5.1 കി.മീ.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ട്. തലശ്ശേരി-മാഹി ബൈപ്പാസിന്റെ ഒന്നാം റീച്ചിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കി.മീ. പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. ചെങ്ങന്നൂർ, കോഴഞ്ചേരി, സുൽത്താൻബത്തേരി ബൈപ്പാസുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) കോഴിക്കോട് എൻ എച്ച് ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ 73.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ദേശീയപാത വികസനത്തിന് കേന്ദ്രസഹായം

280 (1314) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനത്തിന് കേന്ദ്രസർക്കാർ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം സഹായങ്ങളാണ് ഇതിനായി കേന്ദ്രം നൽകുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇവയുടെ പണികൾ ഇടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ദേശീയപാതകളുടെ സമഗ്രമായ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് നടപ്പിലാക്കുവാൻ ദേശീയ പാതാ വികസന അതോറിറ്റിയെ ഏൽപ്പിച്ചിരുന്നു. ഇതിൻപ്രകാരം എൻ.എച്ച്. 17-ഉം 47-ഉം എൻ.എച്ച്.ഡി.പി. (ദേശീയ പാത വികസന പദ്ധതി) ഘട്ടം 2-ലും 3-ലും പെടുത്തി സർവ്വീസ് റോഡോടു കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മറ്റു ദേശീയ പാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയുമായാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ഭൂമി ഏറ്റെടുക്കലിലെ കാലതാമസം കാരണം ദേശീയ പാത വികസന അതോറിറ്റി തലപ്പാടിമുതൽ ഇടപ്പള്ളിവരെയും ചേർത്തലമുതൽ കഴക്കൂട്ടംവരെയുമുള്ള ഭാഗങ്ങളിൽനിന്നും പിൻമാറിയിരിക്കുകയാണ്. പ്രസ്തുത ഭാഗങ്ങൾ വീണ്ടും ഏറ്റെടുക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എൻ.എച്ച്. 17-ഉം എൻ.എച്ച്. 47-ഉം ഒഴികെയുള്ള ദേശീയപാതകളുടെ വികസനം സംസ്ഥാന സർക്കാർവഴി കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം എൻ.എച്ച്. 208-ന്റെ 47.5 കി.മീ., എൻ.എച്ച്. 49-ന്റെ 42.28 കി.മീ. എൻ.എച്ച് .220-ന്റെ 30.3 കി.മീ., എൻ.എച്ച്. 213 എന്നിവയുടെ ഈ വർഷത്തെ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്താനായി എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുമെന്നാണ് പ്രതീക്ഷ. തേൽപ്പറഞ്ഞവയ്ക്കു പുറമേ കോതമംഗലം ബൈപ്പാസ്, തൃപ്പൂണിത്തുറ ബൈപ്പാസ്, മൂവാറ്റുപുഴ ബൈപ്പാസ്, മണ്ണാർക്കാട് ബൈപ്പാസ് എന്നിവയും 9 പാലങ്ങളുടെ പുനർ നിർമ്മാണവും 6 പാലങ്ങളുടെ നവീകരണവുമുൾപ്പെടെ 2,365 കോടി രൂപയുള്ള പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ റോഡുകളുടെ ഉപരിതലം മെച്ചപ്പെടുത്തുന്നതിന് നോൺ പ്ലാനിൽ 30 കോടിരൂപയുള്ള പദ്ധതിയും സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly